# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1109 — 13.12.2012 ൽ മറുപടിക്ക്

**പുതുതായി ആരംഭിക്കുന്ന സി.ബി.എസ്.ഇ സ്കൂളുകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു.എം.പാലിശ്ശേരി | | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സി.ബി. എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകിയിട്ടുണ്ട്; | (എ) | 328 സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകിയിട്ടുണ്ട് |
| (ബി) | സി.ബി.എസ്.ഇ സ്കൂൾ തുടങ്ങുന്നതിന് എൻ.ഒ.സി ലഭിക്കുന്നതിനായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയോടെ ലഭിച്ച 556 അപേക്ഷകളിൽ എൻ.ഒ. സി നൽകിയവ ഒഴികെ നിലവിൽ 9 അപേക്ഷകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പരിഗണനക്കു നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകി പ്രോൽസാഹിപ്പിക്കുന്നത്, നല്ലരീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊതു വിദ്യാലയങ്ങൾക്ക് ദോഷകരമാണ് എന്ന വിദ്യാഭ്യാസ വിദഗ്ദ്ധരുടെ വിലയിരുത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതു വിദ്യാലയങ്ങൾക്ക് ദോഷകരമാകുന്ന രീതിയിൽ സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകി പ്രോൽസാഹിപ്പിക്കുന്ന നയം സർക്കാരിനില്ല. |
| (ഡി) | ഉണ്ടെങ്കിൽ പൊതു വിദ്യാഭ്യാസത്തെ ദോഷകരമായി ബാധിക്കുന്ന ഈ നയം തിരുത്തുന്നതിന് തയ്യാറാകുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ